# മാതൃകാ സഭയുടെ ഒരു ചിത്രം

കർത്താവിന്റെ സഭയുടെ ഇടവക എങ്ങനെ ആരംഭിച്ചു എന്നു പറയുന്നതു പ്രവൃത്തികളുടെ പുസ്തകം മാത്രമാണ്. ആദ്യത്തെ ഇടവക ആരംഭിച്ചതു യെരുശലേമിൽ (അദ്ധ്യായം 2); ആ പട്ടണത്തിൽ നിന്നു അപ്പൊസ്തലന്മാരും മറ്റു ക്രിസ്ത്യാനികളും പുറപ്പെട്ട പോകുകയും, ഇതിനു പുറമെ കർത്താവിന്റെ സഭയുടെ ഇടവകകൾ പ്രത്യക്ഷപ്പെടുകയും ചെയ്തു. ഓരോ പട്ടണത്തിലും ഓരോ സഭ സ്ഥാപിച്ചത് സുവിശേഷ പ്രസംഗ ഫലമായിട്ടായിരുന്നു.[1]

പിന്നീടു വരുന്ന എല്ലാ തലമുറകളും ബഹുമാനിക്കത്തക്ക തിരിച്ചറിയാവുന്ന സ്വഭാവവിശേഷണങ്ങൾ പ്രാധാന്യത്തോടെ വെളിപ്പെടുത്തുന്നതാണ് ഈ മാതൃകയെ പഠിക്കുമ്പോൾ. ഈ പുതിയ നിയമ കാലയളവിൽ, ഉപദേഷ്ടാക്കന്മാർ പോയതു ആത്മാവിന്റെ വാളായ ദൈവ വചനം കൊണ്ടു മാത്രമായിരുന്നു (എഫെസ്യർ 6:17). അവർക്കു വേറെ വിശ്വാസപ്രമാണ പുസ്തകങ്ങൾ, പ്രാർത്ഥനാ പുസ്തകങ്ങൾ, മാനുവൽസ്, കാറ്റെക്കെസം, അല്ലെങ്കിൽ മറ്റു നിയമാവലികൾ എന്നിവ ഒന്നും സഭാ സ്ഥാപനത്തിനു ഇല്ലായിരുന്നു.

ഈ മാതൃകയാണോ ഇന്നു സുവിശേഷീകരണത്തിനു പിൻപറ്റുന്നത്? പ്രവൃത്തികളുടെ പുസ്തകത്തിലെ മാതൃകാ സഭകളെ ശ്രദ്ധിച്ചു നോക്കുന്നതു ഉപയോഗപ്രദമായിരിക്കും.

### സ്വയം - ഭരിക്കൽ

പുതിയതായി - രൂപംകൊണ്ട ഇടവകകൾ ഓരോന്നും, ഓരോ കൂട്ടത്തിലും ആദ്യം പ്രവർത്തിക്കുന്ന മൂപ്പന്മാരോടുകൂടിയ സ്വയം ഭരിക്കുന്നതായിരുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ അദ്ധ്യായം 2–ൽ പെന്തെക്കൊസ്തു നാളിനു ഏതാണ്ട് പതിനഞ്ചു വർഷങ്ങൾക്കു ശേഷമാണ് മൂപ്പന്മാരെപ്പറ്റി[2] ആദ്യം പറയുന്നത്. ആ സമയത്താണ്, പ്രവൃത്തികൾ 11:28–30 അനുസരിച്ചു, അന്ത്യൊക്ക്യയിലെ സഹോദര ന്മാർ യെഹൂദ്യയിലെ മുട്ടുണ്ടായിരുന്ന സഹോദരന്മാർക്കു സഹായം എത്തിച്ചത്. അന്ത്യൊക്ക്യയിലെ അംഗങ്ങൾ ബർന്നബാസിനെയും പൗലൊസിനെയും അവരുടെ സന്ദേശ വാഹകരായി അയച്ചു, പണം പ്രത്യേകിച്ചു മൂപ്പന്മാരുടെ അടുക്കൽ ആണ് ഏല്പിച്ചത്. തീർച്ചയായും, സഭയിൽ മൂപ്പന്മാരായിരുന്നു ഉത്തരവാദപ്പെട്ടവർ.

ഈ വിവരണത്തിൽ ആണ് ഏതെങ്കിലും സഭയിൽ ആദ്യമായി

അപ്പൊസ്തലനെ കൂടാതെ ഒരു പ്രവാചകനെക്കുറിച്ചും പറയുന്നുണ്ട് (പ്രവൃത്തികൾ 11:27). എങ്ങനെയായാലും, അതിനർത്ഥം സഭയുടെ മുന്നോട്ടുള്ള പ്രവർത്തനത്തിന് ദൈവം ഒരു പ്രവാചകനെ ഉപയോഗിച്ചതു ആദ്യമായിട്ടാണ് എന്നും അർത്ഥമാക്കുന്നില്ല.

യെരുശലേം സഭയിൽ എപ്പോഴാണ് മൂപ്പന്മാർ പ്രവർത്തിക്കുവാൻ തുടങ്ങിയത് എന്ന ഒരു തെളിവും ബൈബിൾ നല്കുകയില്ല അല്ലെങ്കിൽ യെഹൂദ്യയിലെ മറ്റു സഭയിലായാലും ശരി. ആരംഭത്തിൽ യെരുശലേം ഇടവകയെ അപ്പൊസ്തലന്മാരായിരുന്നു നയിച്ചത്, വിധവമാരെ ശ്രദ്ധിക്കേണ്ടി കാര്യം കൈകാര്യം ചെയ്തതു അവരായിരുന്നു (പ്രവൃത്തികൾ 6:1-4). യെരുശലേമിൽ ഉടനെ മൂപ്പന്മാർ ആവശ്യമായി രുന്നില്ല, കാരണം അപ്പോൾ അപ്പൊസ്തലന്മാർ ഉണ്ടായിരുന്നു. ദൈവശ്വാസിയമായ അവരുടെ നയിക്കൽ കൊണ്ട്, ഈ ആദ്യ ഇടവക വളർന്നു. ഈ സാഹചര്യം സ്ഥിരമായിരുന്നില്ല, എങ്ങനെയായാലും, കാരണം പിന്നീട് അപ്പൊസ്തലന്മാരെ വേറെ സ്ഥലങ്ങളിൽ വേലക്കായി വിളിച്ചു. കൂടാതെ, റോമാ ലോകത്തിലേക്കു സുവിശേഷം വ്യാപിച്ച തോടെ അവർക്കു എല്ലാ സ്ഥലത്തും ആയിരിപ്പാൻ സാധ്യമായിരു ന്നില്ല; അല്ലെങ്കിൽ ഭാവി തലമുറയിലെ ഇടവകകളിൽ അപ്പൊസ്തല ന്മാർ ഉണ്ടായിരിക്കയുമില്ല. അതുകൊണ്ട്, ദൈവം തന്റെ ജനം ഭരിക്ക പ്പെടേണ്ടതിനു ഒരു സ്ഥിരം ഏർപ്പാട് രൂപപ്പെടുത്തി.

ആസ്യയിൽ പൗലൊസിന്റെയും ബർന്നബാസിന്റെയും പരിശ്രമഫലമായി സ്ഥാപിതമായ ഓരോ സഭയിലും അവർ മുഖ്യമായി മൂപ്പന്മാരെ നിയമിച്ചിരുന്നതായി പറയുന്നുണ്ട് (പ്രവൃത്തികൾ 14:23). അവരുടെ യാത്ര വടക്കോട്ടു നീങ്ങിയപ്പോൾ, പൗലൊസും ബർന്ന ബാസും ഓരോ ഇടവകയിലും മൂപ്പന്മാരെ നിയമിക്കയുമായി. ഈ പ്രവൃത്തിയെ വിമർശകർ ചോദ്യം ചെയ്തിട്ടുണ്ട്, കാരണം മൂപ്പന്മാർ ക്കുള്ള ഒരു യോഗ്യത "പുതിയ ശിഷ്യൻ അരുത്" എന്നാണ് (1 തിമൊഥെയൊസ് 3:6). ഇക്കൊന്യ, ലുസ്ത്ര, ദെർബ്ബെ തുടങ്ങിയ സ്ഥലങ്ങളിൽ ക്രിസ്ത്യാനികൾ ഉണ്ടായിട്ട് ഏതാനും മാസങ്ങളേ ആയിട്ടുള്ളു; ചില പ്പോൾ പ്രാരംഭകരായവരെ മൂപ്പന്മാരായി തിരഞ്ഞെടുത്തിരിക്കാം എന്നാണ് ചിലർ പറഞ്ഞത്.

അതങ്ങനെ ആയിരുന്നില്ല, കാരണം ഈ ആളുകൾ എബ്രായർ ആയിരുന്നതുകൊണ്ട് അവരുടെ ആയുഷ്ക്കാലം അവർ മോശെയുടെ ന്യായപ്രമാണം പിൻപറ്റിയിരുന്നവരായിരുന്നു. അവരുടെ ആത്മിയ പക്വത ആരാധനയിലും ദൈവത്തെ അനുസരിക്കുന്നതിലും അപ്പൊസ് തലന്മാരുടെ പ്രസംഗം കേട്ട് ആദ്യമായി പരിവർത്തനം ചെയ്യുന്നതിൽ നിന്നു വ്യത്യസ്തമായിരുന്നു. ആ പക്വതയുള്ള എബ്രായ പുരുഷന്മാർ യേശുവിന്റെ സുവിശേഷം സന്ദേശത്തിന്റെ വില തിട്ടപ്പെടുത്തിയ പ്പോൾ, പുതിയ സത്യത്തെ സ്വീകരിച്ചു വീണ്ടെടുപ്പിന്റെ ശരിയാണ് അറിവു അവരിൽ കൊണ്ടു വരികയായിരുന്നു. അവരുടെ ആത്മിയ അനുഭവവും പക്വതയും ന്യായപ്രമാണത്തിൽ സേവ ചെയ്യാതിരുന്ന വരേക്കാൾ അവർ യോഗ്യരായിത്തീർന്നു.

പരിഛേദന പ്രശ്നം ചർച്ചചെയ്യുവാൻ പൗലൊസിനെ യെരുശലേമി

ലേക്കു അയച്ചപ്പോൾ അവിടെ മൂപ്പന്മാർ ഉണ്ടായിരുന്നതായി വീണ്ടും പറയുന്നു (പ്രവൃത്തികൾ 15:1, 2). മൂന്നാം മിഷണറിയാത്രയിൽ, പൗലൊസ് മിലേത്തൊസിൽ വെച്ചു എഫേസ്യ മൂപ്പന്മാരെ പ്രധാനമായും സന്ദർശിച്ചിരുന്നതായി പറയുന്നുണ്ട് (പ്രവൃത്തികൾ 20:17). മൂന്നാം മിഷണറിയാത്രയുടെ അവസാനം, പൗലൊസ് യെരുശലേമിൽ യാക്കൊബിനെയും മൂപ്പന്മാരെയും സന്ദർശിച്ചതായും, ആ സമയത്ത് അവർ അവനോടു ഒരു പ്രത്യേക ആവശ്യം ഉന്നയിച്ചതായും പറയുന്നുണ്ട് (പ്രവൃത്തികൾ 21:17–26). പിന്നെ, ദൈവം തന്റെ സഭയിൽ, ഓരോ ഇടവകയിലും ആത്മിയ പക്വതയും യോഗ്യതയുമുള്ള പുരുഷന്മാർ ഉണ്ടാകുമ്പോൾ ആ സേവനത്തിനായി സ്ഥിരസംവിധാനമാണ് രൂപപ്പെടുത്തിയിരിക്കുന്നത്.

പ്രവൃത്തികളിൽ കാണുന്ന ഇടവകകൾ സ്വതന്ത്രമായാണ് പ്രവർത്തിച്ചിരുന്നത്. ഓരോ ഇടവകകളും അവരുടേതായ മൂപ്പന്മാരുണ്ടായിരുന്നു (പ്രവൃത്തികൾ 14:23). പൗലൊസ് ഫിലിപ്പിയയിലെ ക്രിസ്ത്യാനികൾക്ക് ലേഖനം എഴുതിയപ്പോൾ "അദ്ധ്യക്ഷന്മാർക്കും ശുശ്രൂഷകന്മാർക്കും" എന്നാണ് സംബോധന ചെയ്തത് (ഫിലിപ്പിയർ 1:1). എഫെസ്യയിലുണ്ടായിരുന്ന മൂപ്പന്മാരോടു തങ്ങളെത്തന്നെയും, അവരുടെ "കൂട്ടത്തിലുള്ളവരെയും" സൂക്ഷിച്ചുകൊൾവാൻ പറയുന്നുണ്ട് (പ്രവൃത്തികൾ 20:28).

ഒരു ദുർന്നടപ്പുകാരനെ അച്ചടക്കത്തിൽ കൈകാര്യം ചെയ്യുന്നതു കൊരിന്ത്യരോട് പറയുമ്പോൾ സ്വതന്ത്ര പ്രവൃത്തി നാം കാണുന്നുണ്ട് (1 കൊരിന്ത്യർ 5). കൊരിന്ത്യ സഭ യെരുശലേം സഭയോടോ അല്ലെങ്കിൽ മറ്റേതെങ്കിലും ഇടവകയോടോ അതു കൈകാര്യം ചെയ്യുവാൻ അപേക്ഷിക്കുന്നില്ല; അംഗങ്ങൾക്കു സ്വയഭരണത്താൽ അവർക്കിടയിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ കഴിഞ്ഞിരുന്നു.

ഇടവകകൾ പരസ്പരം സഹകരിച്ചു പ്രവർത്തിച്ചിരുന്നു. ഉദാഹരണമായി, അന്ത്യൊക്യസഭ യെഹൂദ്യയിലേക്കു സഹായം അയച്ചു (പ്രവൃത്തികൾ 11:28–30). പൗലൊസ് തെസ്സലൊനിക്യയിൽ പ്രവർത്തിക്കാനെത്തിയപ്പോൾ, മറ്റൊരു സഭ അവനെ സഹായിച്ചു (ഫിലിപ്പിയർ 4:15). യെഹൂദ്യയിൽ വലിയൊരു ആവശ്യം നേരിട്ടപ്പോൾ, സഭകൾ "സന്ദേശ വാഹകരെ" തിരഞ്ഞെടുത്തു അവർ മുഖേന പണം അയച്ചുകൊടുക്കുന്നതിൽ സഹകരിച്ചു (2 കൊരിന്ത്യർ 8:19–23).

തീരുമാനങ്ങൾ എടുക്കുവാൻ ഏതെങ്കിലും വിധത്തിൽ ഏതെ ങ്കിലും സമയത്ത് സഭകൾ എല്ലാം ഒരുമിച്ചു ചേർന്നതായ ഒരു തെളി വും പുസ്തകത്തിൽ ഇല്ല. അവക്കു ഒരു അസോസിയേഷനോ, രൂപത യോ, തലസ്ഥാനമോ ചർച്ചക്കായി ഉണ്ടായിരുന്നില്ല. സഹോദരീ സഭകൾ എന്ന നിലയിൽ അവ ഓരോന്നും പരസ്പരം സഹകരിച്ചു. അവരെല്ലാം ഒരേ ഉപദേശം വിശ്വസിക്കയും പരിശീലിക്കയും ചെയ്തു, അവരെല്ലാം ഒരേപോലെ ആരാധിക്കയും ചെയ്തു; കാരണം അവരെല്ലാം ഒരേ സുവിശേഷം പ്രസംഗിച്ചു. യേശുവിന്റെ അലങ്കാരിക പ്രയോഗപ്രകാരം, സുവിശേഷം എന്ന വിത്ത് വിതച്ചു (ലൂക്കൊസ് 8:4–15), ഒരേ വിത്ത് വിതെച്ചു, അതുകൊണ്ട്, ഒരേ വിളവെടുപ്പു നടത്തി.

പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുന്ന സഭകൾ സ്വത ന്ത്രവും സ്വയംഭരണാവകാശമുള്ളതും, എന്നാൽ സഹകരിക്കുന്നവയും ആയിരുന്നു.

### സ്വയം - പ്രേരിപ്പിക്കൽ

സുവിശേഷം യെരുശലേമിൽ നിന്നു അന്ത്യോക്യയിലേക്ക് എത്തിച്ചു (പ്രവൃത്തികൾ 11:19–26). ഈ പുതിയ സംഘത്തെ സഹായിക്കുന്നതിനു യെരുശലേം ബർന്നബാസിനെ അയച്ചു (വാക്യങ്ങൾ 22–24), ബർന്നബാസ് തന്നെ സഹായിക്കുന്നതിനു പൗലൊസിനേയും ചേർത്തു (വാക്യങ്ങൾ 25, 26). “പരിഗണിക്കത്തക്ക ആളുകളെ” പഠിപ്പിക്കുവാൻ അവർക്കു കഴിഞ്ഞു (വാക്യം 26).

പിന്നീട്, ബർന്നബാസിനെയും പൗലൊസിനെയും മറ്റു പട്ടണങ്ങളിലേക്കു സുവിശേഷം അറിയിക്കുവാൻ അയച്ചു (പ്രവൃത്തികൾ 13:1–3). പൗലൊസ് ഒന്നാം മിഷണറി യാത്ര കഴിഞ്ഞ് സംഭവിച്ചതെല്ലാം അന്ത്യോക്ക്യസഭയോടു വിവരിച്ചു (പ്രവൃത്തികൾ 14:26, 27). വീണ്ടും അവൻ അന്ത്യോക്യയിൽ തുടർന്നുള്ള യാത്രാ വിവരങ്ങൾ അറിയിച്ചിട്ടുണ്ട് (പ്രവൃത്തികൾ 18:22, 23) തുടർന്നുള്ള യാത്രകളിൽ നിന്ന്, അതുകൊണ്ട് ഈ മിഷൻ പ്രവർത്തനങ്ങൾ അന്ത്യോക്ക്യാ ഇടവകയുടെ പ്രവർത്തന ഭാഗമായിരുന്നു. അവർ മറ്റു ഭാഗങ്ങളിലേക്കു സുവിശേഷം പ്രചരിപ്പിക്കുവാൻ വിചാരിച്ചു.

പൗലൊസ് ഫിലിപ്പിയയിൽ സഭ ആരംഭിക്കുകയും, മറ്റു സ്ഥലങ്ങളിൽ സുവിശേഷ പ്രസംഗം നടത്തുവാൻ അവർ പൗലൊസിനെ സഹായിക്കുകയും ചെയ്തു (പ്രവൃത്തികൾ 16:12–15; ഫിലിപ്പിയർ 4:15–18). പൗലൊസ് എഫെസൊസിൽ പ്രസംഗിച്ചു കൊണ്ടിരുന്നപ്പോൾ, ആ സംഘം ആസ്യയിൽ ഒക്കെയും വചനം വ്യാപിപ്പിക്കുവാൻ സഹായിക്കുകയുണ്ടായി (പ്രവൃത്തികൾ 19:10). പൗലൊസിന്റെ ദൈവശ്വാസിയ എഴുത്തുകൾ വായിച്ചു കാണുവാൻ കൊലൊസ്യ സഭ ആഗ്രഹിച്ചു (കൊലൊസ്യർ 4:16). കൂടാതെ, തെസ്സലൊനിക്യയിലെ സഭ മക്കെദൊന്യ, അഖായ തുടങ്ങിയ സ്ഥലങ്ങളിൽ വചനം “കേൾപ്പിച്ചു.” പൗലൊസ് പറഞ്ഞു, ‘‘എല്ലാടവും നിങ്ങൾക്കു ദൈവത്തിലുള്ള വിശ്വാസം പ്രസിദ്ധമായിരിക്കുന്നു” (1 തെസ്സലൊനിക്യർ 1:7, 8).

എവിടെയെല്ലാം സഭകൾ സ്ഥാപിച്ചുവോ, പുതിയ ക്രിസ്ത്യാനികൾ അവരാൽ കഴിവതും എല്ലാടവും സുവിശേഷം പ്രസംഗിക്കൽ എന്ന ഉത്തരവാദിത്വം ഏറ്റെടുത്തു സഹായിച്ചു. ഒന്നാം നൂറ്റാണ്ടിൽ തന്നെ മറ്റു പട്ടണങ്ങളിലും രാജ്യങ്ങളിലും വചനം പ്രചരിപ്പിക്കുവാനുള്ള അവരുടെ കത്തുന്ന എരിവിന്റെ ഫലമായി ലോകം മുഴുവൻ സഭകൾ ഉടലെടുത്തു (കൊലൊസ്യർ 1:23).

### സ്വയ - ആശ്രയം

ആദ്യ സഭകൾ അവരുടെ നിലനില്പിനു പണത്തിനായി മറ്റു ഇടവകകളെ ആശ്രിയിച്ചിരുന്നതായി ഒരു തെളിവും ബൈബിളിൽ ഇല്ല. ആശ്വാസം ആവശ്യമായി വന്നപ്പോൾ സഭകൾ പണം മറ്റു ഇടവക

കൾക്ക് എത്തിച്ചു കൊടുത്തിട്ടുണ്ട്.[3] രണ്ടു കാരണങ്ങൾ കൊണ്ടാണ് സാമ്പത്തിക സഹായം അയച്ചു കൊടുത്തത്: ജീവിതത്തിലെ ദൈന ന്തിന ആവശ്യങ്ങൾ നിറവേറ്റുവാനും ഉപദേഷ്ടാക്കന്മാർക്കു ശമ്പളം കൊടുക്കുവാനും. ഈ പിന്താങ്ങൽ സഹായം, ഓരോ സംഭവത്തിലും, താല്ക്കാലികമായിരുന്നു.

സഹായം ലഭിച്ചാലും ഇല്ലെങ്കിലും ആവശ്യങ്ങൾ ഉണ്ടായിരുന്ന പ്പോഴും സഭ സ്വതന്ത്രമായി, യേശുവിന്റെ നാമത്തിൽ പ്രവർത്തിച്ചി രുന്നു. തന്റെ ആവശ്യങ്ങൾ സ്വയം നിറവേറ്റേണ്ടി വന്നപ്പോൾ പൗലൊസ് സുവിശേഷപ്രവർത്തനം തുടർന്നിരുന്നു (പ്രവൃത്തികൾ 18:1-4). സാമ്പത്തിക സഹായം ഒന്നും ലഭിക്കാതിരുന്നപ്പോഴും, സഭകൾ അങ്ങനെ തന്നെ നിലനിൽക്കുകയും സുവിശേഷ പ്രാസംഗികർ തുടർന്നു പ്രവർത്തിച്ചുകൊണ്ടേയിരുന്നു. "ക്ഷേമ സഭകളെ" പറ്റി പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല, അത്തരം സ്ഥിതിയിലെത്തി സുവിശേഷം പ്രസംഗിക്കുവാനുമല്ല ദൈവം തന്റെ സഭയെ രൂപപ്പെടുത്തിയിരിക്കുന്നത്.

സംസ്ക്കാരത്തിലും സമ്പത്തിലും ഉള്ള വ്യത്യാസം ആണ് മിഷൻ മേഖലകളിൽ വളരെ പണം ചെലവിട്ട് സഭാ മന്ദിരങ്ങൾ പണിയുകയും ഉപദേഷ്ടാക്കന്മാർക്കു ശമ്പളം കൊടുക്കയും ചെയ്യുവാനുള്ള കാരണം പറയുന്നത് ഇതേ വ്യത്യാസം ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നില്ലേ? അവയെല്ലാം അന്നും ഉണ്ടായിരുന്നു, പക്ഷെ പൗലൊസും മറ്റുള്ളവരും, ലോകത്തിലേക്കു എടുത്തുകൊണ്ടു പോയതു *സാധനങ്ങൾ* ആയിരുന്നില്ല, *സുവിശേഷം* ആയിരുന്നു.

ഇന്നു പല മിഷൻ മേഖലകളിലും സഭകൾ ചെയ്യുന്നതു പുതിയ നിയമ കീഴ്വഴക്കം അല്ല. അമേരിക്കയിൽ വടക്കൻ മേഖലയിലും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും സഭകൾ കാണാം. അവ തെക്കൻ സംസ്ഥാനങ്ങളിലെ ഇടവകകളെ ആശ്രയിച്ചാണ് അവരുടെ ഉപദേഷ്ടാക്കന്മാർക്കു വർഷങ്ങളോളം ശമ്പളം കൊടുക്കുന്നതും സഭാ കെട്ടിടങ്ങൾ ഉണ്ടാക്കുന്നതും.

ഇതു തന്നെയാണ് ലോകമെങ്ങുമുള്ള മിഷൻ മേഖലകളിലും നടക്കുന്നത്. ദശാബ്ദങ്ങളോളം ഉപദേഷ്ടാക്കന്മാർക്കു ശമ്പളം കൊടുക്കുകയും കെട്ടിടങ്ങൾ പണിയുവാൻ സഹായിക്കുകയും ചെയ്യുന്നു; ചില പുതിയ ഇടവകകൾ സ്വതന്ത്രരാവാൻ ചെറിയ പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അമേരിക്കയിലെ സഭകളുടെ സഹായത്താൽ വിദേശത്തുള്ള ഉപദേഷ്ടാക്കന്മാർക്കു പഠനത്തിനും പരിശീലനത്തിനും അമേരിക്കയിലയക്കാൻ മറ്റുരാജ്യങ്ങളിലുള്ള സഭകളെ സഹായിക്കുന്നു. ഈ പുരുഷന്മാർ അവരുടെ പഠനമെല്ലാം പൂർത്തിയാക്കി അവരുടെ സ്വദേശത്തു ചെന്നു പ്രവർത്തിക്കുമ്പോഴും തുടർച്ചയായി സഹായിച്ചുകൊണ്ടിരിക്കുന്നു. സഭകൾ പ്രാദേശികമായി സ്വയംഭരണത്തിലും സാമ്പത്തികത്തിലും സ്വയംപര്യാപ്തത കൈ വരി ക്കണം എന്ന ചിന്ത അവരിൽ കാണുന്നില്ല. അമേരിക്കയിൽ നിന്നുള്ള സാമ്പത്തിക സഹായമെന്ന ഊന്നൽ അധികവും ഉള്ളേടത്തോളം, പുതിയ ഉപദേഷ്ടാക്കന്മാർ, സുവിശേഷകന്മാർ, ക്രിസ്ത്യാനികൾ

എന്നിവർ കർത്താവിന്റെ സഭ ഒരു "അമേരിക്കൻ സഭ" എന്നു സ്വാഭാവികമായി ചിന്തിച്ചേക്കാം കൂടാതെ, അതുകൊണ്ട്, സഹായത്തിനായി അമേരിക്കയിലേക്ക് നോക്കുന്നതു ശരിയാണെന്നു കരുതും. അതൊരു ക്ഷേമ മനോഭാവമായിട്ടല്ലേ തീരുന്നത്?[4]

അമേരിക്കൻ പണം ഒന്നും ഈ മിഷൻ മേഖലയിൽ ചെന്നില്ലെങ്കിൽ, എന്തു സംഭവിക്കും? വിശ്വസ്തമായ ആരാധന തുടരുമോ? പുരുഷ ന്മാർ തുടർന്നും സുവിശേഷം പ്രസംഗിക്കുമോ? എത്ര ഇടവകകൾ കൂടി വരുന്നതു നിർത്തും? എത്ര ഉപദേഷ്ടാക്കന്മാർ പ്രസംഗിക്കുന്നതു നിർത്തും - അല്ലെങ്കിൽ മറ്റേതെങ്കിലും നാമധേയവിഭാഗം ശമ്പളം കൊടുത്താൽ അവിടെ പ്രവർത്തിക്കാൻ പോകുമോ? ഇതേ ചോദ്യം അമേരിക്കൻ ഉപദേഷ്ടാക്കളുടെ "കള എടുപ്പ്" നടത്താൻ ചോദിക്കാം, അവർ ആയുഷ്ക്കാല ത്യാഗത്തോടെ, ഹൃദയ - സമർപ്പണത്തോടെ സുവിശേഷ വേല ചെയ്യുന്നതിനു പകരം ബിസിനസ് എന്ന സമീപനത്തിലാണ്! സഭകൾ സഹായിച്ചാലും ഇല്ലെങ്കിലും പൗലൊസ് പ്രസംഗിച്ചുകൊണ്ടിരുന്നു; ഇന്ന് എത്ര ഉപദേഷ്ടാക്കന്മാർ അങ്ങനെ ചെയ്യും, അല്ലെങ്കിൽ അതു തന്നെ ചെയ്യും?

മുൻ തലമുറയിൽ വഴിയൊരുക്കിയ ക്രിസ്ത്യാനികളുടെ പരിശ്രമ ഫലമാണ് ഇന്നു അമേരിക്കയിൽ ശക്തമായ സഭകൾ നിലനിൽക്കുവാൻ കാരണം. പുരുഷന്മാർ "ദിവസം മുഴുവനും ഉഴുകുകയും രാത്രി മുഴുവൻ പ്രസംഗിക്കുകയും" ചെയ്തു ശമ്പളമൊന്നും കൂടാതെ ചെലവൊന്നും കൂടാതെ. ക്രിസ്ത്യാനികൾ താഴ്മയോടെ വീടുകളിൽ, സ്ക്കൂളുകളിൽ, വാടകക്കെടുത്ത ഗോഡൗണുകളിൽ, മരണത്തിൽ പോലും ദൈവത്തെ ആരാധിച്ച് വളരെക്കാലശേഷമാണ് കെട്ടിടങ്ങൾ ഉണ്ടായത്. അമേരിക്കയിലെ ക്രിസ്ത്യാനികൾ ഇന്നു "അവർ പണി യാത്ത തീച്ചൂട് ഏല്ക്കുന്നുണ്ട്" - മുൻതലമുറകൾ ആരാധന പിൻ തലമുറകൾക്കു സുഖപ്രദവും ആശ്വാസപ്രദവുമാക്കിയതിന്റെ ഫലമാണ്. അത്തരം പോരാട്ടങ്ങളാണ് ശക്തമായ അദ്ധ്യക്ഷന്മാരെയും ശക്തമായ സഭകളെല്ലാം പുറപ്പെടുവിച്ചു. വഴിയൊരുക്കിയവരാണ് വഴി തെളിച്ചത്.

അമേരിക്കൻ സഭകൾ പല വിധത്തിലും സഹായിച്ചിട്ടുണ്ട്, എന്നാൽ പുതിയ ഇടവകകൾ അവരുടേതായ വഴി ഒരുക്കുന്നവരായി കഷ്ടങ്ങളിലും ത്യാഗങ്ങളും ഇടവകകളെ വളർത്തിക്കൊണ്ടു പറഞ്ഞു. സമൃദ്ധമായ ഇടവകകളിലെ ക്രിസ്ത്യാനികൾ മിഷൻ മേഖലകളിൽ പണം ഉണ്ടെങ്കിൽ എല്ലാം ആയി എന്ന ആശയത്തിൽ ആശ്രയിച്ചിരിക്കയാണ്.

ഒരു നിസ്സാര ചിത്രീകരണം സഹായകരമായേക്കാം. പുതുതായി വിവാഹം കഴിച്ച മക്കൾക്കു വേണ്ട എല്ലാ ചെലവും അവരുടെ മാതാപിതാക്കൾ വഹിച്ചു എന്നു വിചാരിക്കുക മക്കൾ വിചാരിക്കും മാതാപിതാക്കളുടെ നിലവാരത്തിൽ തങ്ങൾ ജീവിക്കേണ്ടതിന്നു സഹായിച്ചു കൂടെ? ആ സഹായം വർഷത്തോളം നീണ്ടു നിന്നാൽ ദമ്പതികൾക്കു ജോലി ഒന്നും ചെയ്യേണ്ടല്ലൊ? അപ്പോൾ ആ ദമ്പതികൾക്കു എത്രത്തോളം പക്വതയും, സ്വാതന്ത്ര്യവും, നേതൃത്വവും വളർത്തി എടുക്കുവാൻ കഴിയും? ഒട്ടുമില്ല! നേരെ മറിച്ചു, അത്തരം മാതാപിതാക്കളുടെ സഹായം ആ യുവ ദമ്പതികളെ സ്വതന്ത്ര കുടും

ബം ആകുവാനുള്ള അവസരം ഇല്ലാതാകും. ഇതു യുവ ദമ്പതികളെ സംബന്ധിച്ചു വാസ്തവമാണെങ്കിൽ, അതു പുതിയ സഭകളിലും മിഷൻ മേഖലയിലും വാസ്തവമല്ലേ?

**ഉപസംഹാരം**

ഇരുപത്തി - ഒന്നാം നൂറ്റാണ്ടിൽ നമുക്കു മാതൃകാ സഭകൾ ഉണ്ടാകണമെങ്കിൽ, നാം പ്രവൃത്തികളുടെ പുസ്തകത്തിലെ മാതൃകയെ ബഹുമാനിക്കണം. നാം ദൈവവഴിയിൽ ദൈവവേല ചെയ്യുന്ന നീതി യിലേക്കു മടങ്ങിവരണം. വചനാനുസരണമുള്ള സത്യ സഭ ദൈവ വചനത്തിൽ കാണുന്ന മാതൃക പ്രകാരം സ്വയം - ഭരിക്കുന്നു, സ്വയം - പ്രചരിപ്പിക്കുന്ന, സ്വയം - ആശ്രയിക്കുന്ന ഇടവകകളായി ത്തീരണം.

---

കുറിപ്പുകൾ

[1]ഈ പുസ്തകത്തിലെ "സഭയുടെ ആവിർഭാവം," എന്നതു നോക്കുക. [2]ഈ പുസ്തകം "ദൈവത്തിന്റെ പുതിയ നിയമം," എന്നതു നോക്കുക. [3]ഈ പുസ്തകത്തിൽ ആദ്യം കാണുന്ന, "സ്നേഹിക്കുന്ന ധർമ്മോപകാരം" എന്നതു നോക്കുക. [4]ഈ "ക്ഷേമ മനോഭാവം" അമേരിക്കൻ ഗവൺമെന്റ് ആണ് ക്ഷേമ പദ്ധതി പരിശീലിപ്പിച്ചത്, അങ്ങനെ ആ ഒരു ചിന്താഗതി സുവിശേഷം ലോകത്തിലെങ്ങും വ്യാപിപ്പിക്കാൻ ശ്രമിച്ച ക്രിസ്ത്യാനികളിലേക്ക് നുഴഞ്ഞുവന്നു.

© 2009 Truth for Today